**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **07-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരന്റെ കുടുംബത്തിനെ സഹായിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ട വനം വകുപ്പിലെ താൽക്കാലിക ജീവനക്കാരൻ റ്റി.കെ. ഹുസൈന്റെ നിരാലംബ കുടുംബത്തെ സഹായിക്കുന്നതിന് സർക്കാർ നൽകിയ സഹായം എന്തൊക്കെയാണെന്നും ഇനി എന്തെല്ലാം നൽകാനുണ്ടെന്നും വിശദമാക്കുമോ; | (എ) | 05/04/2018-ലെ സ.ഉ.(കൈ) നമ്പർ 17/2018/വനം ഉത്തരവ് പ്രകാരം, വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ 50% തുകയായ 5 ലക്ഷം രൂപ ടിയാന്റെ ആശ്രിതർക്ക് അടിയന്തര സഹായം എന്ന നിലയ്ക്ക് അനുവദിച്ചിട്ടുണ്ട്. അനന്തരാവകാശികളിൽ നിന്നും അനുബന്ധ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കേരള വനം വകുപ്പ്, താൽക്കാലിക ജീവനക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷയിൽ നിന്നും ഹുസൈന്റെ ആശ്രിതർക്ക് അർഹമായ പരമാവധി തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വെറ്റിനറി ടീമിൽ സേവനമനുഷ്ഠിക്കുന്ന ഓരോ ജീവനക്കാരുടെയും പേരിലുള്ള പ്രത്യേക ഇൻഷ്വറൻസും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എഫ്.ഡി.എ. സുൽത്താൻ ബത്തേരി ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസും, ഹുസൈന്റെ ആശ്രിതർക്ക് ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഹുസൈന്റെ ഭാര്യയ്ക്ക് ജോലി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ഹുസൈന്റെ ആശ്രിതർക്ക് ജോലി നൽകുന്ന വിഷയം പരിശോധിച്ച് അടിയന്തരമായി ശിപാർശ സർക്കാരിൽ സമർപ്പിക്കുവാനായി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്-ന്, 10.11.2022- തീയതിയിലെ എഫ്3/235/2022- വനം കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ